# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 2767 — 17-10-2016 -ൽ മറുപടിക്ക്

### ഉപയോഗശൂന്യമായി കിടക്കുന്ന ജലപാതകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) കേരളത്തിലെ ജലപാതകൾ (കനാലുകൾ) പലതും മാലിന്യങ്ങൾ, പായൽ എന്നിവ നിറഞ്ഞു ഉപയോഗശൂന്യമായി കിടക്കുന്നവയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) ഇവ നവീകരിക്കുന്നതിനും ജലഗതാഗത മാർഗ്ഗം ശക്തിപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കുമോ; | (എ) യും (ബി) യും ഉണ്ട്; കോവളം മുതൽ കൊല്ലം വരെയും കോട്ടപ്പുറം മുതൽ നീലേശ്വരം വരെയുമുള്ള ജലപാത പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി ടി ജലപാതകളിൽ ജലഗതാഗതത്തിന് തടസ്സമായി വരുന്ന മാലിന്യങ്ങളും പായലും നീക്കം ചെയ്യുന്ന പ്രവൃത്തികൾ നടന്നുവരുന്നു. കൂടാതെ ജലപാതയുടെ വീതിയും ആഴവും വർദ്ധിപ്പിച്ചും സംരക്ഷണഭിത്തികൾ നിർമ്മിച്ചും, ഉപ്പുവെള്ളം തടയുന്നതിന് ലോക്കുകൾ സ്ഥാപിച്ചും ജെട്ടികൾ, കാർഗോ ടെർമിനലുകൾ എന്നിവ സ്ഥാപിച്ചും ജലപാതകൾ നവീകരിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നു വരുന്നു. |
| (സി) ഇക്കാര്യങ്ങൾ വിശദമായ ഒരു പഠനത്തിനു വിധേയമാക്കുമോ? | (സി) ജലപാതകളുടെ നവീകരണം സംബന്ധിച്ച പ്രാഥമിക പഠനങ്ങൾ **National Transportation Planning and Research Centre (NATPAC)** മുഖേന നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ